## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 345 — 11.05.2017-ൽ മറുപടിയ്ക്ക്

# കേരള ബാങ്ക് രൂപീകരിക്കുന്നതിനുള്ള തുടർ നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ആൻസലൻ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീമതി വീണാ ജോർജ്ജ്<br>ശ്രീ. യു.ആർ. പ്രദീപ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരിക്കുന്നതു സംബന്ധിച്ച് പഠനം നടത്തുന്നതിനായി രൂപീകരിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സമയബന്ധിതമായി തുടർ നടപടികൾ സ്വീകരിക്കുന്നതിന് സമയരേഖ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ; | (എ) കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാധ്യതകൾ പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി നിയോഗിച്ച വിദഗ്ദ്ധ സമിതി 28.04.2017-ൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) സംസ്ഥാന, ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിക്കുന്നതോടൊപ്പം നിലവിൽ ജില്ലാ സഹകരണ ബാങ്കുകളുമായി ബന്ധിപ്പിച്ച് കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്താൻ നിർബന്ധിതമാകുന്ന പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെയും മറ്റ് വായ്പാ സംഘങ്ങളുടെയും ഘടനയിലോ പ്രവർത്തനത്തിലോ മാറ്റം വരുത്തേണ്ടതായി വരുമോ എന്ന് വ്യക്തമാക്കാമോ? | (ബി) നിലവിൽ ജില്ലാ സഹകരണ ബാങ്കുകളുമായി ബന്ധിപ്പിച്ച് ആധുനിക ബാങ്കിംഗ് സംവിധാനം എർപ്പെടുത്തേണ്ട പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളുടെയും മറ്റ് വായ്പാ സംഘങ്ങളുടെയും ഘടനയിൽ മാറ്റം വരുത്തേണ്ടതില്ല. റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ